# കുറിപ്പ്

ഈ വർഷത്തെ ദേശീയ അധ്യാപകദിനാചരണം സെപ്റ്റംബർ 5 ന് ബുധനാഴ്ച ആഘോഷങ്ങളില്ലാതെ തിരുവനന്തപുരത്ത് നടക്കും. രാവിലെ 10 ന് വി.ജെ.ടി ഹാളിൽ നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പുരസ്കാരങ്ങൾ വിതരണം ചെയ്യും. മികച്ച അധ്യാപകർക്കുള്ള അവാർഡ്, മികച്ച പി.ടി.എ ക്കുള്ള അവാർഡ്, അധ്യാപക രുടെ സാഹിത്യ രചനയ്ക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി പുരസ്കാരം എന്നിവ വേദിയിൽ വിതരണം ചെയ്യും.

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അധ്യാപകദിനാഘോഷത്തിന്റെ ഭാഗമായി സെപ്റ്റംബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്ന റ്റി.റ്റി.ഐ/പി.പി.റ്റി.റ്റി.ഐ കലോത്സവങ്ങൾ ഒഴിവാക്കിയതായും അധ്യാപകദിനാഘോഷത്തിന്റെ വേദി തൃശ്ശൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് മാറ്റിയതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

കെ.വി.മോഹൻ കുമാർ. ഐ.എ.എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം 695014